(സി) ഉണ്ട്.

(ഡി) പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനുമുമ്പ് തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഇ) പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി മുതലായവയിലെ ആധുനികവൽക്കരണത്തിനും പ്രത്യേക പദ്ധതികളായ ക്ലസ്റ്റർ ഡവലപ്പ്മെന്റ്, മാർക്കറ്റിംഗ് അസിസ്റ്റന്റ്, നിക്ഷേപ സബ്സിഡി, മറ്റുവിവിധ ക്ഷേമപദ്ധതികളായ ഹെൽത്ത് പാക്കേജ്, കോൺട്രിബ്യൂട്ടറി ട്രിഫ്റ്റ് ഫണ്ട്, ഗ്രൂപ്പ് ഇൻഷുറൻസ് എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. ഈ വർഷത്തെ ബഡ്ജറ്റിൽ പരമ്പരാഗത വ്യവസായ പുരോഗതിക്ക് പ്രത്യേക ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്.

ഫുഡ് പ്രോസസിംഗ് യൂണിറ്റുകളും ഫ്രൂട്ട് പ്രോസസിംഗ് യൂണിറ്റുകളും

28 [1167] ശ്രീ. എൻ. ഡി. അപ്പച്ചൻ:
„ വി. ഡി. സതീശൻ:
„ വർക്കല കഹാർ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ കിൻഫ്ര പാർക്കുകളിൽ പ്രവർത്തിക്കുന്നവ എത്ര;

(സി) സംസ്ഥാനത്തെ ഫ്രൂട്ട് പ്രോസസിംഗ് യൂണിറ്റുകൾക്ക് എന്തെല്ലാം സൗജന്യങ്ങളാണ് ഗവൺമെന്റ് നൽകിവരുന്നത്;

(ഡി) അവയ്ക്ക് ആവശ്യമുള്ള അസംസ്കൃത പഴവർഗ്ഗങ്ങൾ എവിടെ നിന്നാണ് സംഭരിക്കുന്നത്?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ചെറുകിട വ്യവസായ മേഖലയിൽ 12804 ഭക്ഷ്യ സംസ്ക്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി നാല് ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ ഉൽപ്പാദനം ആരംഭിച്ചുകഴിഞ്ഞു. മൂന്ന് യൂണിറ്റുകളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) കേന്ദ്ര സർക്കാരിന്റെ പത്താം പഞ്ചവൽസര പദ്ധതിപ്രകാരം ഭക്ഷ്യ സംസ്കരണ മേഖലയിൽ പുതുതായി വ്യവസായം തുടങ്ങുന്നതിനോ, നവീകരിക്കുന്നതിനോ, വികസിപ്പിക്കുന്നതിനോ വേണ്ടി ഗ്രാന്റ് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതു കൂടാതെ സംസ്ഥാന സർക്കാർ ഭക്ഷ്യ സംസ്ക്കരണ മേഖലയെ ഊന്നൽ വ്യവസായത്തിൽപ്പെടുത്തി 15% മൂലധന സബ്സിഡിയായി പരമാവധി 15 ലക്ഷംരൂപവരെ നൽകി വരുന്നുണ്ട്.

ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾക്ക് ഗുണനിലവാര സർട്ടിഫിക്കേഷന് ടെക്നോളജി ഡവലപ്പ്മെന്റ് ഫണ്ടിൽനിന്നും 12% സബ്സിഡി നൽകാൻ വ്യവസ്ഥയുണ്ട്.

മേൽ ധനസഹായങ്ങൾ ഫ്രൂട്ട് പ്രോസസിംഗ് യൂണിറ്റുകൾക്കും ലഭ്യമാണ്.

(ഡി) അസംസ്കൃത വസ്തുക്കൾ അതാത് യൂണിറ്റുകൾ ലഭ്യമായ സ്രോതസ്സുകളിൽ നിന്നും കണ്ടെത്തുകയാണ്.

സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ

29 [1168] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ എത്ര കശുവണ്ടി ഫാക്ടറികൾ ഉണ്ട്; ഇതിൽ പൊതുമേഖലയിൽ എത്ര; സ്വകാര്യ മേഖലയിൽ എത്ര; ഏതെല്ലാം;

(ബി) ഇതിൽ ഇപ്പോൾ പ്രവർത്തിക്കുന്നവ ഏതെല്ലാം; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ മുപ്പതു ഫാക്ടറികളും കാപ്പക്സിന്റെ കീഴിൽ പത്തു ഫാക്ടറികളും ഉണ്ട്. സ്വകാര്യ മേഖലയിലെ ഫാക്ടറികളുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ 25-8-2003 മുതൽ പ്രവർത്തനം പുനരാരംഭിച്ചുവെങ്കിലും ഇപ്പോൾ പ്രവർത്തനം നടക്കുന്നില്ല. മറ്റു ഫാക്ടറികളെ സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

കാപ്പക്സിന്റെ കട ബാദ്ധ്യത

30 [1169] ശ്രീ. കെ. എൻ. എ. ഖാദർ:
,, യു. സി. രാമൻ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പക്സിന്റെ ബാദ്ധ്യത തീർക്കാൻ എത്ര കോടി രൂപയുടെ ധന സഹായമാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly